**കേരള സർക്കാർ**

**സംഗ്രഹം**

പാർലമെന്ററികാര്യ വകുപ്പ് - പതിനഞ്ചാം കേരള നിയമസഭ – രണ്ടാം സമ്മേളനം - 30/07/2021-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് - മന്ത്രിസഭാ യോഗ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പാർലമെന്ററികാര്യ (ബി) വകുപ്പ്**

**സ.ഉ(സാധാ) നം.18 /2021/പാകാവ** **തിരുവനന്തപുരം, തീയതി : 28/07/2021**

പരാമർശം : 1) നിയമസഭാ സെക്രട്ടറിയുടെ 25/07/2021-ലെ 11698/പി.എം.ബി.ആർ.1/ 2021/നി.സെ നമ്പർ കത്ത്.

2) 28/07/2021-ലെ മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

**30/07/2021**-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന താഴെപ്പറയുന്ന മൂന്ന് അനൗദ്യോഗിക പ്രമേയങ്ങളിൽ മൂന്നും അനുകൂലിക്കേണ്ടതില്ലെന്ന് പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ താഴെ പറയും പ്രകാരം ബന്ധപ്പെട്ട മന്ത്രിമാർ നിയമസഭയിൽ നിലപാട് സ്വീകരിക്കേണ്ടതാണ്.

**ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ**

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രിയുടെ പേര് | സ്വീകരിക്കേണ്ട നിലപാട് |
|---|---|---|---|---|
| 1 | ശ്രീ. എം.വിജിൻ | വിജ്ഞാനം പകർന്നു നല്കുന്നതോടൊപ്പം ജ്ഞാന നിർമ്മിതി കൂടി നടക്കേണ്ടതാണ് ഉന്നത വിദ്യാഭ്യാസ രംഗം. ശ്രേണീബദ്ധമായ സമൂഹത്തിലെ യുവതയ്ക്ക് കടമ്പകൾ മറികടക്കാൻ വേണ്ട അവസരം ലഭ്യമാക്കുകയെന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമാകേണ്ടതാണ്. ജനായത്ത സമൂഹസൃഷ്ടിയുടെ മൂലക്കല്ലാകണം ഉന്നത വിദ്യാഭ്യാസം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിജ്ഞാനാർജ്ജനത്തിനും നൈപുണിശേഷി വികസനത്തിനും സാംസ്കാരിക വികാസത്തിനുമുള്ള കേന്ദ്രങ്ങളാക്കി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെയാകണം വിദ്യാഭ്യാസ നയം രൂപീകരിക്കേണ്ടത്.<br>പൊതുലിസ്റ്റിൽ (കൺകറന്റ് ലിസ്റ്റ്) പെടുന്ന വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നയ രൂപീകരണം അനിവാര്യമായും സംസ്ഥാനങ്ങളുമായും അക്കാദമിക സമൂഹവുമായും കൂലംകഷമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ് വരുന്നതാകണം. ദൗർഭാഗ്യവശാൽ, ദേശീയ വിദ്യാഭ്യാസ നയം 2020, കേന്ദ്ര സർക്കാർ ഫെഡറൽ തത്വങ്ങളെ അവഗണിച്ചുകൊണ്ടാണ് രൂപീകരിച്ചിട്ടുള്ളത്.<br>രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ പട്ടികജാതികളിലും | ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി<br><br>പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | അനുകൂലിക്കേണ്ടതില്ല |

| | | | | |
|---|---|---|---|---|
| | | പട്ടികഗോത്രങ്ങളിലും പിന്നാക്ക ജാതികളിലും പെട്ട പാർശ്വവൽകൃതർക്ക് പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ട സംവരണം പ്രസ്തുത നയത്തിൽ വിഭാവനം ചെയ്യാത്തത് ആശങ്കാജനകമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യവത്കരണം പ്രോത്സാഹിപ്പിക്കുന്നത് പാർശ്വവൽകൃതരെ മുഖ്യധാരയിൽ നിന്ന് പുറന്തള്ളുമെന്നത് അവിതർക്കിതമാണ്. 'Tenure Track' എന്ന പേരിൽ അദ്ധ്യാപക നിയമനം താൽകാലിക കരാർ അടിസ്ഥാനത്തിലാക്കുന്നത് ദീർഘകാല അദ്ധ്യാപന പരിചയത്തിലൂടെയും നിരന്തര ഗവേഷണത്തിലൂടെയും സ്വയം നവീകരണ പ്രക്രിയയിലൂടെയും മികവിന്റെ പാത കൈവരിക്കുന്നതിന് വിഘാതമാണ്. ഇത് അദ്ധ്യാപന, ഗവേഷണ നിലവാരം ഇടിച്ചുതാഴ്ത്താൻ വഴിവയ്ക്കും. ഉന്നതവിദ്യാഭ്യാസ മേഖലയെ പിന്നോട്ടടിപ്പിക്കുന്ന നിലവിലെ ദേശീയ വിദ്യാഭ്യാസ നയം 2020, പിൻവലിച്ച് വിശദമായ ചർച്ചകളുടെയടിസ്ഥാനത്തിൽ രാഷ്ട്രതാല്പര്യം സംരക്ഷിക്കുന്നതിനനുയോജ്യമായ പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. | | |
| 2 | ഡോ. മാത്യു കുഴൽനാടൻ | കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിനായി കുട്ടികൾ സ്മാർട്ട്ഫോണുകൾ വ്യാപകമായി ഉപയോഗിക്കുന്ന സവിശേഷ സാഹചര്യമാണ് നിലവിലുള്ളത്.<br>വിദ്യാർത്ഥികളുടെ ജീവൻ അപകടത്തിലാക്കുന്ന പലതരം ഓൺലൈൻ ഗെയിമുകളിലേക്കും ഇതര സൈബർ ചതിക്കുഴികളിലേക്കും നിരവധിപേർ ആകർഷിക്കപ്പെടുകയും അപകടത്തിലേക്ക് നീങ്ങുകയും ചെയ്യുന്നത് രക്ഷിതാക്കളിലും പൊതുസമൂഹത്തിലും വലിയ ആശങ്ക സൃഷ്ടിച്ചിട്ടുണ്ട്.<br>വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നതും ഭാവിതലമുറയ്ക്ക് ഭീഷണിയാകുന്നതുമായ ഇത്തരം ഓൺലൈൻ ഗെയിമുകൾ നിയന്ത്രിക്കേണ്ടതും സൈബർ ചതിക്കുഴികളിൽ വീണുപോകാതിരിക്കാൻ കുട്ടികളെ ജാഗ്രത്താക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്.<br>ആയതിനാൽ, ഓൺലൈൻ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വെബ് അധിഷ്ഠിത സംവിധാനങ്ങളിൽ അനുയോജ്യമല്ലാത്ത ഉള്ളടക്കങ്ങൾ ഒഴിവാക്കുന്നതിനും ഓൺലൈൻ ഗെയിമുകളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു. | ബഹു. മുഖ്യമന്ത്രി<br><br>പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി | അനുകൂലിക്കേണ്ടതില്ല |

| | | | | |
|---|---|---|---|---|
| 3 ✓ | ശ്രീമതി കെ കെ ശൈലജ ടീച്ചർ | ഭരണഘടനയിലെ 7-ാം പട്ടിക 32-ാം ഇനപ്രകാരം സഹകരണം, സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ മാത്രം വരുന്ന വിഷയമാണ്.<br>കേന്ദ്രസർക്കാരിന്റെ അതിതീവ്ര സ്വകാര്യവല്ക്കരണനയത്തിന്റെ ഫലമായി ലയനം വഴിയും നേരിട്ടുള്ള സ്വകാര്യവല്ക്കരണം വഴിയും പൊതുമേഖലാ ബാങ്കുകളുടെ സേവനം സാധാരണക്കാർക്ക്, വിശേഷിച്ച് ഗ്രാമവാസികൾക്ക്, അപ്രാപ്യമായിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ കർഷകരുടെയും കാർഷിക മേഖലയുടെയും കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും പൊതുവിൽ ദരിദ്രജനവിഭാഗങ്ങളുടെയാകെ ആശ്രയമായ സഹകരണമേഖലയിൽ കേന്ദ്രസർക്കാരിന്റെ ഭരണഘടനാതീതമായ ഇടപെടൽ സഹകാരികളിലാകെ ആശങ്ക പരത്തിയിരിക്കുന്നു. ബഹു. സുപ്രിംകോടതിതന്നെ സഹകരണരംഗത്ത് കേന്ദ്രസർക്കാരിന്റെ ഇടപെടൽ ഭരണഘടനാതീതമെന്ന് അസന്ദിഗ്ദ്ധമായി വ്യക്തമാക്കിയ സാഹചര്യത്തിൽ കേന്ദ്രസർക്കാർ പുതുതായി സഹകരണ മന്ത്രാലയം രൂപീകരിച്ചത് വൈദ്യനാഥൻ കമ്മിറ്റി മുതൽ നടത്തിയ അധികാര ദുർവിനിയോഗം ആവർത്തിക്കുന്നതിനാണെന്ന് സംശയിക്കപ്പെടുമ്പോൾ സഹകരണം പൊതു പട്ടികയിലേക്ക് (കൺകറന്റ് ലിസ്റ്റ്) മാറ്റാൻ നീക്കം നടക്കുന്നുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് സഹകാരികളുടെയും പൊതുജനങ്ങളുടെയാകെയും ആശങ്ക വർദ്ധിപ്പിച്ചിരിക്കുന്നു.<br>സംസ്ഥാനത്തെ സഹകരണമേഖല കേവലം പണമിടപാടു സ്ഥാപനമല്ല. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാൽ നിയന്ത്രിക്കപ്പെടുന്ന സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ, വ്യക്തിഗത ആവശ്യങ്ങളെ കൂട്ടായ്മകളിലൂടെ നേരിട്ടാൽ ദാരിദ്ര്യവും പട്ടിണിയുമില്ലാതാക്കാമെന്ന ആഗോള കാഴ്ചപ്പാടിനനുസൃതമായി പ്രവർത്തിക്കുന്നവയാണ്. അതുകൊണ്ട് കേവലം വായ്പ ഇടപാട് മാത്രമല്ല, പട്ടികജാതി-പട്ടികഗോത്രങ്ങളിൽപെട്ടവരുടെ ഉന്നമനം, സ്ത്രീശാക്തീകരണത്തിന്റെ അടിത്തറയായ സാമ്പത്തിക സ്വയംപര്യാപ്തത ആർജ്ജിക്കാൻ വഴിതെളിക്കൽ, കൃഷിയെയും കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും പ്രോത്സാഹിപ്പിക്കൽ, കാർഷികോല്പന്നങ്ങളുടെ വിപണനം, പൊതുവിപണിയിലെ വിലനിയന്ത്രണം തുടങ്ങി ജനജീവിതത്തിലെ സമസ്തമേഖലയിലും ജനോപകാരപ്രദമായി പ്രവർത്തിച്ചുവരികയാണ്. സംസ്ഥാനത്തിന്റെ സുസ്ഥിരവികസനം | സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | അനുകൂലിക്കേണ്ടതില്ല |

| | | | | |
|---|---|---|---|---|
| | | ഉറപ്പവരുത്തുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണച്ചുമതല, കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് വിരമിച്ചവർക്ക് വേണ്ടി വരുന്ന തുക വായ്പയായി നല്കുക, ബ്ലേഡ് പലിശക്കാരെ ഒഴിവാക്കാൻ 'മുറ്റത്തെ മുല്ല', പ്രളയത്തിൽ ഭവനരഹിതരായവർക്ക് 'കെയർഹോം' പദ്ധതിയിലൂടെ സൗജന്യമായി വീട് നിർമ്മിച്ചുനല്കുക, ഓൺലൈൻ പഠനത്തിന് വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശരഹിതമായി വായ്പ നല്കുക, 'സുഭിക്ഷകേരളം', മുഖ്യമന്ത്രിയുടെ സഹായ വായ്പാ പദ്ധതി, പ്രത്യേക ലിക്വിഡിറ്റി ഫെസിലിറ്റി വായ്പ തുടങ്ങി എല്ലാ മേഖലകളിലും സഹകരണസ്ഥാപനങ്ങൾ മികച്ച ഇടപെടൽ നടത്തുന്നു.<br>സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തികാഭിലാഷങ്ങളിൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് സഹകരണരംഗത്ത് കേന്ദ്രസർക്കാർ കടന്നുകയറ്റത്തിന് നടത്തുന്ന ശ്രമത്തിൽ നിന്നും പിന്തിരിയണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു. | | |

2. പ്രമേയം സംബന്ധിച്ച ഫയൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർക്ക് അടിയന്തരമായി നൽകേണ്ടതാണ്

*(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)*

**ഡോ. രാജു നാരായണ സ്വാമി**
**പ്രിൻസിപ്പൽ സെക്രട്ടറി**

ബന്ധപ്പെട്ട വകുപ്പുകൾക്ക്
(ഈ വകുപ്പിന്റെ 26/07/2021-ലെ **പാ.കാ.വ-ബി1/56/2021-പാ.കാ.വ** നം. കത്ത് /അനൗദ്യോഗിക കുറിപ്പ് പ്രകാരം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
പകർപ്പ് :- ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക്
പാർലമെന്ററികാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്
പാർലമെന്ററികാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുഭരണ (എസ്.സി) വകുപ്പ് (28.07.2021-ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നമ്പർ 157 പ്രകാരം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

5312408
JUL 2021

(10)

**തീയതി : 28-07-2021**

ഫയൽ നം. പാ.കാ.വ.-ബി1/56/2021-പാ.കാ.വ. ഇനം നം: 157

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - 30.07.2021-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത്.

തീരുമാനം : അനൗദ്യോഗിക പ്രമേയങ്ങൾ അനുകൂലിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.

157

(8)

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : **പാ.കാ.വ/ബി1-56/2021-പാ.കാ.വ** |
| 2 | വകുപ്പ് | : പാർലമെന്ററികാര്യ (ബി) വകുപ്പ് |
| 3 | വിഷയം | : 30/07/2021 -ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിൽന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; | : 27.07.2021 |
| 5 | (I)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : ഇല്ല |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : ബാധകമല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | : ശ്രീ. ബെൻസി ജെ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്; | : ഡോ. രാജു നാരായണ സ്വാമി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി; | : 26.07.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | : ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : 26.07.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : ശ്രീ. കെ.രാധാകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | : 27.07.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : 28.07.2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി; | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും; | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

(9)

15-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിൽ 30/07/2021 വെള്ളിയാഴ്ച കേരള നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 30/07/2021-ന് സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

### ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രിയുടെ പേര് |
|---|---|---|---|
| 1 | ശ്രീ. എം.വിജിൻ | വിജ്ഞാനം പകർന്നു നല്കുന്നതോടൊപ്പം ജ്ഞാന നിർമ്മിതി കൂടി നടക്കേണ്ടതാണ് ഉന്നത വിദ്യാഭ്യാസ രംഗം. ശ്രേണീബദ്ധമായ സമൂഹത്തിലെ യുവതയ്ക്ക് കടമ്പകൾ മറികടക്കാൻ വേണ്ട അവസരം ലഭ്യമാക്കുകയെന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമാകേണ്ടതാണ്. ജനായത്ത സമൂഹസൃഷ്ടിയുടെ മൂലക്കല്ലാകണം ഉന്നത വിദ്യാഭ്യാസം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിജ്ഞാനാർജ്ജനത്തിനും നൈപുണ്യശേഷി വികസനത്തിനും സാംസ്കാരിക വികാസത്തിനുമുള്ള കേന്ദ്രങ്ങളാക്കി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെയാകണം വിദ്യാഭ്യാസ നയം രൂപീകരിക്കേണ്ടത്. പൊതുലിസ്റ്റിൽ (കൺകറന്റ് ലിസ്റ്റ്) പെടുന്ന വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നയ രൂപീകരണം അനിവാര്യമായും സംസ്ഥാനങ്ങളുമായും അക്കാദമിക സമൂഹവുമായും കൂലംകഷമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ് വരുന്നതാകണം. ദൗർഭാഗ്യവശാൽ, ദേശീയ വിദ്യാഭ്യാസ നയം 2020, കേന്ദ്ര സർക്കാർ ഫെഡറൽ തത്വങ്ങളെ അവഗണിച്ചുകൊണ്ടാണ് രൂപീകരിച്ചിട്ടുള്ളത്. രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ പട്ടികജാതികളിലും പട്ടികഗോത്രങ്ങളിലും | ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി<br><br>പൊതുവിദ്യാഭ്യാസ -തൊഴിൽ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| | | പിന്നാക്ക ജാതികളിലും പെട്ട പാർശ്വവൽകൃതർക്ക് പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ട സംവരണം പ്രസ്തുത നയത്തിൽ വിഭാവനം ചെയ്യാത്തത് ആശങ്കാജനകമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യവത്കരണം പ്രോത്സാഹിപ്പിക്കുന്നത് പാർശ്വവൽകൃതരെ മുഖ്യധാരയിൽ നിന്ന് പുറന്തള്ളുമെന്നത് അവിതർക്കിതമാണ്. 'Tenure Track' എന്ന പേരിൽ അദ്ധ്യാപക നിയമനം താൽകാലിക കരാർ അടിസ്ഥാനത്തിലാക്കുന്നത് ദീർഘകാല അദ്ധ്യാപന പരിചയത്തിലൂടെയും നിരന്തര ഗവേഷണത്തിലൂടെയും സ്വയം നവീകരണ പ്രക്രിയയിലൂടെയും മികവിന്റെ പാത കൈവരിക്കുന്നതിന് വിഘാതമാണ്. ഇത് അദ്ധ്യാപന, ഗവേഷണ നിലവാരം ഇടിച്ചുതാഴ്ത്താൻ വഴിവയ്ക്കും. ഉന്നതവിദ്യാഭ്യാസ മേഖലയെ പിന്നോട്ടടിപ്പിക്കുന്ന നിലവിലെ ദേശീയ വിദ്യാഭ്യാസ നയം 2020, പിൻവലിച്ച് വിശദമായ ചർച്ചകളുടെയടിസ്ഥാനത്തിൽ രാഷ്ട്രതാല്പര്യം സംരക്ഷിക്കുന്നതിനനുയോജ്യമായ പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. | |
| 2 | ഡോ. മാത്യു കുഴൽനാടൻ | കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിനായി കുട്ടികൾ സ്മാർട്ട്ഫോണുകൾ വ്യാപകമായി ഉപയോഗിക്കുന്ന സവിശേഷ സാഹചര്യമാണ് നിലവിലുള്ളത്.<br>വിദ്യാർത്ഥികളുടെ ജീവൻ അപകടത്തിലാക്കുന്ന പലതരം ഓൺലൈൻ ഗെയിമുകളിലേക്കും ഇതര സൈബർ ചതിക്കുഴികളിലേക്കും നിരവധിപേർ ആകർഷിക്കപ്പെടുകയും അപകടത്തിലേക്ക് നീങ്ങുകയും ചെയ്യുന്നത് രക്ഷിതാക്കളിലും പൊതുസമൂഹത്തിലും വലിയ ആശങ്ക സൃഷ്ടിച്ചിട്ടുണ്ട്.<br>വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നതും ഭാവിതലമുറയ്ക്ക് ഭീഷണിയാകുന്നതുമായ ഇത്തരം ഓൺലൈൻ ഗെയിമുകൾ നിയന്ത്രിക്കേണ്ടതും സൈബർ ചതിക്കുഴികളിൽ വീണുപോകാതിരിക്കാൻ കുട്ടികളെ ജാഗ്രത്താക്കേണ്ടതും കാലഘട്ടത്തിന്റെ | ബഹു. മുഖ്യമന്ത്രി<br><br>പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| | | ആവശ്യമാണ്.<br>ആയതിനാൽ, ഓൺലൈൻ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വെബ് അധിഷ്ഠിത സംവിധാനങ്ങളിൽ അനുയോജ്യമല്ലാത്ത ഉള്ളടക്കങ്ങൾ ഒഴിവാക്കുന്നതിനും ഓൺലൈൻ ഗെയിമുകളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു | |
| 3 | ശ്രീമതി കെ കെ ശൈലജ ടീച്ചർ | ഭരണഘടനയിലെ 7-ാം പട്ടിക 32-ാം ഇനപ്രകാരം സഹകരണം, സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ മാത്രം വരുന്ന വിഷയമാണ്.<br>കേന്ദ്രസർക്കാരിന്റെ അതിതീവ്ര സ്വകാര്യവല്ക്കരണനയത്തിന്റെ ഫലമായി ലയനം വഴിയും നേരിട്ടുള്ള സ്വകാര്യവല്ക്കരണം വഴിയും പൊതുമേഖലാ ബാങ്കുകളുടെ സേവനം സാധാരണക്കാർക്ക്, വിശേഷിച്ച് ഗ്രാമവാസികൾക്ക്, അപ്രാപ്യമായിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ കർഷകരുടെയും കാർഷിക മേഖലയുടെയും കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും പൊതുവിൽ ദരിദ്രജനവിഭാഗങ്ങളുടെയാകെ ആശ്രയമായ സഹകരണമേഖലയിൽ കേന്ദ്രസർക്കാരിന്റെ ഭരണഘടനാതീതമായ ഇടപെടൽ സഹകാരികളിലാകെ ആശങ്ക പരത്തിയിരിക്കുന്നു. ബഹു. സുപ്രീംകോടതിതന്നെ സഹകരണരംഗത്ത് കേന്ദ്രസർക്കാരിന്റെ ഇടപെടൽ ഭരണഘടനാതീതമെന്ന് അസന്ദിഗ്ദ്ധമായി വ്യക്തമാക്കിയ സാഹചര്യത്തിൽ കേന്ദ്രസർക്കാർ പുതുതായി സഹകരണ മന്ത്രാലയം രൂപീകരിച്ചത് വൈദ്യനാഥൻ കമ്മിറ്റി മുതൽ നടത്തിയ അധികാര ദുർവിനിയോഗം ആവർത്തിക്കുന്നതിനാണെന്ന് സംശയിക്കപ്പെട്ടുമ്പോൾ സഹകരണം പൊതു പട്ടികയിലേക്ക് (കൺകറന്റ് ലിസ്റ്റ്) മാറ്റാൻ നീക്കം നടക്കുന്നുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്ത് സഹകാരികളുടെയും പൊതുജനങ്ങളുടെയാകെയും ആശങ്ക വർദ്ധിപ്പിച്ചിരിക്കുന്നു.<br>സംസ്ഥാനത്തെ സഹകരണമേഖല കേവലം | സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| | | പണമിടപാടു സ്ഥാപനമല്ല. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാൽ നിയന്ത്രിക്കപ്പെടുന്ന സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ, വ്യക്തിഗത ആവശ്യങ്ങളെ കൂട്ടായ്മകളിലൂടെ നേരിട്ടാൽ ദാരിദ്ര്യവും പട്ടിണിയുമില്ലാതാക്കാമെന്ന ആഗോള കാഴ്ചപ്പാടിനനുസൃതമായി പ്രവർത്തിക്കുന്നവയാണ്. അതുകൊണ്ട് കേവലം വായ്പ ഇടപാട് മാത്രമല്ല, പട്ടികജാതി-പട്ടികഗോത്രങ്ങളിൽപെട്ടവരുടെ ഉന്നമനം, സ്ത്രീശാക്തീകരണത്തിന്റെ അടിത്തറയായ സാമ്പത്തിക സ്വയംപര്യാപ്തത ആർജ്ജിക്കാൻ വഴിതെളിക്കൽ, കൃഷിയെയും കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും പ്രോത്സാഹിപ്പിക്കൽ, കാർഷികോല്പന്നങ്ങളുടെ വിപണനം, പൊതുവിപണിയിലെ വിലനിയന്ത്രണം തുടങ്ങി ജനജീവിതത്തിലെ സമസ്തമേഖലയിലും ജനോപകാരപ്രദമായി പ്രവർത്തിച്ചുവരികയാണ്. സംസ്ഥാനത്തിന്റെ സുസ്ഥിരവികസനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണച്ചുമതല, കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് വിരമിച്ചവർക്ക് വേണ്ടി വരുന്ന തുക വായ്പയായി നല്കുക, ബ്ലേഡ് പലിശക്കാരെ ഒഴിവാക്കാൻ 'മുറ്റത്തെ മുല്ല' , പ്രളയത്തിൽ ഭവനരഹിതരായവർക്ക് 'കെയർഹോം' പദ്ധതിയിലൂടെ സൗജന്യമായി വീട് നിർമ്മിച്ചുനല്കുക, ഓൺലൈൻ പഠനത്തിന് വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശരഹിതമായി വായ്പ നല്കുക, 'സുഭിക്ഷകേരളം', മുഖ്യമന്ത്രിയുടെ സഹായ വായ്പാ പദ്ധതി, പ്രത്യേക ലിക്വിഡിറ്റി ഫെസിലിറ്റി വായ്പ തുടങ്ങി എല്ലാ മേഖലകളിലും സഹകരണസ്ഥാപനങ്ങൾ മികച്ച ഇടപെടൽ നടത്തുന്നു.<br><br>സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തികാഭിലാഷങ്ങളിൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് സഹകരണരംഗത്ത് കേന്ദ്രസർക്കാർ കടന്നുകയറ്റത്തിന് നടത്തുന്ന ശ്രമത്തിൽ നിന്നും പിന്തിരിയണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു. | |

3) പ്രസ്തുത പ്രമേയങ്ങൾ 30/07/2021-ന് നിയമസഭയിൽ ചർച്ചയ്ക്കായി വരുമ്പോൾ സർക്കാർ സ്വീകരിക്കേണ്ട നിലപാട് മുൻകൂർ തീരുമാനിക്കേണ്ടതുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

30/07/2021-ൽ നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന 1, 2 & 3 എന്നീ അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ സർക്കാർ എന്ത് നിലപാട് സ്വീകരിക്കണം?